(ബി, സി ആന്റ് ഡി) ടെൽക്കിനെ എസ്. ബി. ടി. യുടെ സഹായത്തോടുകൂടി സ്വകാര്യവത്ക്കരിക്കാൻ ബി. ഐ. എഫ്. ആർ. നിർദ്ദേശം നൽകി. ഇതിനെതിരെ കമ്പനിയും സർക്കാരും ഡൽഹി ഹൈക്കോടതിയിൽ നിന്നും സ്റ്റേ സമ്പാദിച്ചു. എന്നാൽ ടെൽക്കിനെ മെച്ചപ്പെട്ട സാങ്കേതിക വിദ്യ ലഭ്യമാക്കുന്നതിനുവേണ്ടി ഡൽഹി ഹൈക്കോടതി അനുവദിച്ച സമയപരിധി കണക്കിലെടുത്ത് ഒരു ലോകോത്തര സാങ്കേതിക പങ്കാളിയെ കണ്ടെത്തുന്നതിനായി നൽകിയ പരസ്യമനുസരിച്ച് സീമെൻസ് ഇൻഡ്യ ലിമിറ്റഡ് ടെൽക്കിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. ഭൂരിപക്ഷം ഓഹരികൾ സർക്കാരിൽ നിലനിർത്തി കൊണ്ടായിരിക്കും സാങ്കേതിക പങ്കാളിത്തം നൽകുന്നത്.

2001-04 കാലഘട്ടത്തിൽ രജിസ്റ്റർ ചെയ്ത ചെറുകിട വ്യവസായസംരംഭങ്ങൾ

35 [1240] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട, ഏലത്തൂർ, കൊക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട് പഞ്ചായത്തുകളിൽ ഇതുവരെയായി എത്ര ചെറുകിട വ്യവസായങ്ങൾ (എസ്സ്. എസ്സ്. ഐ.) രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതിൽ എത്ര വ്യവസായങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട് ;

(സി) 2001-2002, 2002-2003, 2003-2004 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷത്തിലും രജിസ്റ്റർ ചെയ്ത എസ്സ്. എസ്സ്. ഐ. രജിസ്ട്രേഷനുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 1058 ചെറുകിട വ്യവസായങ്ങൾ ഇതുവരെയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്

(ബി) 792 വ്യവസായങ്ങൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി)

വർഷം	എണ്ണം
2001-2002	1153
2002-2003	908
2003-2004	477

ഓട് വ്യവസായത്തിന്റെ പുരോഗതിക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ

36 [1241] ശ്രീ. കെ. വി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഓട്ടുകമ്പനികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഓട് വ്യവസായത്തിന്റെ പുരോഗതിക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly